15282
13/7/17

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന ക്ഷേമം - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റിന് (IHRD) കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്കും കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.12/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 11.07.2017.

==========================================================================

പരാമർശം:
1. സ.ഉ.(പി) നം. 208/1966/Edn., തീയതി 02.05.1996.
2. സ.ഉ.(കൈ) നം. 55/2017/ഉ.വി.വ, തീയതി 14.02.2017.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 01.06.2017-ലെ BCDD-B3-1220-2017 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നത് സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലും സ്വകാര്യ പ്രൊഫഷണൽ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലും മാത്രമാണ്. സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ എഞ്ചിനീയറിംഗ് ഇതര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നില്ല.

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റിന് (IHRD) കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ടി വിദ്യാഭ്യാസ ആനുകൂല്യം ഇതുവരെ അനുവദിച്ചിരുന്നില്ല. പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റിന് (IHRD) കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ / എയ്ഡഡ് പദവി അനുവദിച്ച സാഹചര്യത്തിൽ ടി സ്ഥാപനത്തിന് കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറും സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റിന് (IHRD) കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് ഇതര വിഷയങ്ങളിൽ പഠിക്കുന്ന എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്കും കെ.പി.സി.ആർ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന ഇതര സമുദായത്തിലെ വിദ്യാർത്ഥികൾക്കും ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി കെ.പി.സി.ആർ വിദ്യാഭ്യാസ ആനുകൂല്യം 2017-18 അദ്ധ്യയന വർഷം മുതൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**രമേശ്. റ്റി**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം

(.....2)

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റിന് (IHRD), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉന്നത വിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ